**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി കൊല്ലം ജില്ലാ കളക്ടറുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം. 4987/2018/ധന.** തിരുവനന്തപുരം, തീയതി **13/06/2018**

പരാമർശം:-

1. 01.08.2017 തീയതിയിലെ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ 2049/പ്രോജക്ട്/2017/ന്യൂ.ക്ഷേ.ഡ. നമ്പർ കത്ത്.
2. 10.11.2017 തീയതിയിലെ 8514/2017/ധന നമ്പർ സർക്കാർ ഉത്തരവ്
3. 21.05.2018 തീയതിയിലെ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറുടെ 2049/പ്രോജക്ട്/2017/ന്യൂ.ക്ഷേ.ഡ. നമ്പർ കത്ത്.
4. ഭരണ വകുപ്പ് ഫയൽ നം. MW2/154/2018-GAD Computer No.850273

**ഉത്തരവ്**

ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കുവേണ്ടി അനുവദിക്കുന്ന തുക നിക്ഷേപിക്കുന്നതിന് പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, ആലപ്പുഴ ജില്ലകൾക്ക് ജില്ലാ കളക്ടർമാരുടെ പേരിൽ അതത് ജില്ലാ ട്രഷറികളിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പരാമർശം 2 പ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും എന്നാൽ കൊല്ലം ജില്ലാ ഇതിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കൊല്ലം ജില്ലയ്ക്ക് കൂടി ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് നിക്ഷേപിക്കുന്നതിലേക്കായി ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനായി അനുമതി നൽകണമെന്ന് പരാമർശം 3 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേക്കായി കൊല്ലം ജില്ലാ കളക്ടറുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ന്യൂനപക്ഷ ക്ഷേമ ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം
ന്യൂനപക്ഷ ക്ഷേമ വകുപ്പ് (e-file No: MW2/154/2018-GAD ComputerNo.850273 പ്രകാരം)
ധനകാര്യ (WW) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ